ഉത്തരം

(എ & ബി) ദേവികുളം പോലീസ് സ്റ്റേഷനിലെ അഡീഷണൽ എസ്.ഐ. ശ്രീ. മാത്യു മുതിർന്ന സ്ത്രീകളോടും പൊതുപ്രവർത്തകരോടും അപമര്യാദയായി പെരുമാറുന്നത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

ദിനേശ് ബീഡി ബ്രാഞ്ച് ഓഫീസ് തീവച്ച് നശിപ്പിച്ച സംഭവം

129 (4464) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചെർക്കളയിൽ സ്ത്രീകൾ മാത്രം ജോലി ചെയ്തു വരുന്ന ദിനേശ് ബീഡി ബ്രാഞ്ച് ഓഫീസ് തുടർച്ചയായി തീവച്ച് നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആരൊക്കെയാണ് ഈ കേസിലെ പ്രതികൾ എന്നും അറിയിക്കുമോ ;

(സി) ഈ കേസ്സുകളിൽ ഇതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; എത്രപേരെ പിടികിട്ടാനുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) ഈ പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായോ അവരുടെ പോഷക സംഘടനകളുമായോ ബന്ധമുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) പ്രസ്തുത സ്ഥാപനം തീവച്ച് നശിപ്പിക്കാനുള്ള പ്രതികളുടെ ഗൂഢോദ്ദേശ്യം എന്താണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) തുടർച്ചയായി തീവച്ച് നശിപ്പിച്ചതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒരു പ്രാവശ്യം തീവച്ച് നശിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 4-3-2015-ന് വൈകുന്നേരം 6.00 മണിക്കും, 5-3-2015-ന് രാവിലെ 8.00 മണിക്കും ഇടയിലുള്ള ഏതോ സമയം മൂന്ന് പ്രതികൾ ചേർന്ന് തീവച്ച് നശിപ്പിച്ചതായി വെളിവായിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് വിദ്യാനഗർ പോലീസ് സ്റ്റേഷൻ Cr.No102/15 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികൾ എ 1 - മുഹമ്മദ് റാഷിദ് @ റാഷിദ്, S/o. അബ്ദുള്ള, എ 2 - സലാഹുദ്ദീൻ, S/o. സി. പി. അബ്ദുള്ള, എ 3- അബ്ദുൾ ആഷിർ @ ആഷിർ, S/o. അസൈനാർ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി കേസിലെ രണ്ടും മൂന്നും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒന്നാം പ്രതിയെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്.

(ഡി) ഒന്നാം പ്രതി കോൺഗ്രസ് അനുഭാവിയും രണ്ടും മൂന്നും പ്രതികൾ ലീഗ് അനുഭാവികളുമാണ്.

(ഇ) വെളിവായിട്ടില്ല. അന്വേഷണം പൂർത്തിയായാൽ മാത്രമേ ഇക്കാര്യങ്ങൾ വെളിവാവുകയുള്ളൂ.

ബ്ലേഡ് മാഫിയ സംഘങ്ങൾക്കെതിരെ നടപടി

130 (4465) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലേഡ് മാഫിയ സംഘങ്ങളെ അമർച്ച ചെയ്യാൻ സ്വീകരിച്ച ഓപ്പറേഷൻ കുബേര പോലുള്ള പദ്ധതികൾ വ്യാപകമാക്കുവാൻ നടപടി സ്വീകരിക്കാമോ ;

(ബി) ബ്ലേഡ് മാഫിയ സംഘങ്ങൾ ചെയ്യുന്ന വിധത്തിലുള്ള ഇത്തരം ജനദ്രോഹപരമായ പ്രവർത്തനം നിയമംമൂലം സ്ഥാപിക്കപ്പെട്ട പല സഹകരണ സംഘങ്ങളും ചെയ്തുവരുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പല സഹകരണ ബാങ്കുകളും സാധാരണക്കാരന് വായ്പ നൽകുമ്പോൾ മുൻകൂറായി വാങ്ങുന്ന ബ്ലാങ്ക് ചെക്ക് ലീഫുകൾ, വായ്പക്കാരൻ വായ്പ അടയ്ക്കാൻ വീഴ്ച വരുത്തുമ്പോൾ സഹകരണ നിയമപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കാതെ വ്യാജരേഖകൾ ചമച്ച് തുക എഴുതി നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിലെ വ്യവസ്ഥകളെ ദുരുപയോഗം ചെയ്ത് വണ്ടിച്ചെക്ക് കേസുകൾ കോടതികളിൽ ഫയൽ ചെയ്തുവരുന്നതിനെക്കുറിച്ചന്വേഷിക്കാമോ ;

(ഡി) ഒരു സഹകരണ ബാങ്ക് സെക്രട്ടറി ചെയ്തുവരുന്ന ഇത്തരം നടപടിക്കെതിരെ കഴിഞ്ഞ കൊല്ലം ഒരു ജനപ്രതിനിധി ആഭ്യന്തര ഇന്റലിജൻസ് വിഭാഗത്തിന് തെളിവുസഹിതം പരാതി നൽകിയിട്ടുണ്ടോ ; ഈ പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ബ്ലേഡ് മാഫിയ സംഘങ്ങളെ അമർച്ച ചെയ്യാൻ സ്വീകരിച്ച ഓപ്പറേഷൻ കുബേര സംസ്ഥാന വ്യാപകമായി നടപ്പാക്കിവരുന്നു.

(ബി) ഇത്തരത്തിൽ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly